

# തുമ്പയും തുമ്പിയും

അമ്മിണി ടീച്ചർ

തുമ്പപ്പൂവു വിരിഞ്ഞല്ലോ
തുമ്പികൾ പാറി വരുന്നല്ലോ
തമ്പുരു മീട്ടി വരുന്നല്ലോ
കുംഭ നിറച്ചും തേനുണ്ടോ!

✦



# ഉത്സാഹം കൂടിയാൽ

ഹരീഷ് ആർ നമ്പൂതിരിപ്പാട്

മഴപെയ്തപ്പോഴുത്സാഹത്താൽ
കുതിച്ചു ചാടി തവളച്ചാർ
ഉറക്കെയൊന്നു വിളിച്ചുകൂവി
പോക്രോം, പോക്രോം
ക്രോം, ക്രോം, ക്രോം...

അതുകേട്ടുടനെ പൊത്തിൽ നിന്നും
മറുപടി കേട്ടു ക്രോം, ക്രോം, ക്രോം...
തവളകളിങ്ങനെ ബഹളം വെച്ചതു
നീർക്കോലിക്കോ ഹരമായി

ശബ്ദം നോക്കിയരികത്തെത്തി
കറുമുറെ, കറുമുറെ ശാപ്പിട്ടു.

✦

ആദ്യത്തെ ഡിറ്റക്റ്റീവ് നോവൽ– ദി മർഡർ ഇൻ ദ റുമോർഗ് (1841) – എഡ്ഗർ അലൻ പോ